# പാവങ്ങളുടെ പക്ഷംചേരൽ: ഒരു മൗലിക വീക്ഷണം

തിരക്കുപിടിച്ച ഈ ലോകത്തിൽ കലണ്ടറിലെ കോളങ്ങൾ ഓരോന്നും ചിലരെ ഓർമിക്കുവാനായി നാം മാറ്റിവച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. അമ്മമാരെ ഓർമിക്കാൻ 'മദേർസ് ഡേ', അദ്ധ്യാപകരെ ഓർമിക്കാൻ 'ടീച്ചേർഴ്സ് ഡേ', പ്രണയിനിക്ക് സമ്മാനം നൽകാൻ 'വാലന്റൈൻസ് ഡേ', പ്രകൃതിയെ ഓർത്ത് ഒരു മരം നടാൻ ഒരു പ്രകൃതിദിനം; എന്നിങ്ങനെ നീളുന്ന പട്ടികയിലേയ്ക്ക് പാപ്പ ഫ്രാൻസിസ് മറ്റൊരു ദിനംകൂടി ചേർത്തിരിക്കുന്നു, പാവങ്ങൾക്കായി ഒരു ആഗോള ദിനം!

സ്ഥാനം ഏറ്റെടുത്ത നാളുമുതൽ തന്നെ ഫ്രാൻസിസ് മാർപാപ്പയുടെ ഓരോ നിലപാടുകളും നടപടികളും ക്രൈസ്തവരുടെ എന്നല്ല ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും പിടിച്ചുപറ്റുന്നതായിരുന്നല്ലോ. ഇപ്പോൾ ഇതാ അതിൽ ഒന്നുകൂടി. എന്താണ് പാവങ്ങൾക്കായി ഒരു ദിനം എന്നതുകൊണ്ട് പാപ്പ ഉദ്ദേശിക്കുന്നത്?

ഒരു 'ഉപയോഗിക്കൽ  വലിച്ചെറിയൽ' (Use and throw) സംസ്ക്കാരത്തിലാണ് ലോകമിപ്പോൾ. ആവശ്യമുള്ളവരെയും ആവശ്യമുള്ളതിനെയും ആവശ്യാനുസരണം ഉപയോഗിച്ച ശേഷം ഉപേക്ഷിക്കാനും ആവശ്യമില്ലാത്തവയെ അവഗണിക്കാനും ലോകവും സമൂഹവും നമ്മെ പ്രേരിപ്പിക്കുമ്പോൾ, നമ്മുടെ മുമ്പിൽ സഹായത്തിന് കൈനീട്ടുന്നവരിലേയ്ക്ക് ദൃഷ്ടി പതിപ്പിക്കുവാനുള്ള ഒരു ജീവിത ശൈലി ഉണ്ടാക്കിയെടുക്കുവാനായിട്ടാണ് പാപ്പ ആഹ്വാനം ചെയ്യുന്നത്. പ്രബലരായ ചിലരുടെ കൈവശം മാത്രം ഭീമമായ സമ്പത്ത് കുമിഞ്ഞുകൂടുന്നു എന്ന സാമൂഹിക തിന്മയിലും പാപ്പ ആശങ്ക പ്രകടിപ്പിക്കുന്നുണ്ട്.

പണക്കാരൻ വീണ്ടും പണക്കാരനാകുന്നു. പാവപ്പെട്ടവന്റെ സ്ഥിതി ഉള്ളതിലും പരിതാപകരവും. എന്നാണ് ഈ വ്യവവസ്ഥിതിക്ക് ഒരു മാറ്റം സംഭവിക്കുന്നത്? എന്തുകൊണ്ടാണ് ഇപ്രകാരം പാവങ്ങൾക്കായി ഒരുദിനം പ്രഖ്യാപിക്കുവാനായി ഇങ്ങനെ ഒരു സമയം പാപ്പാ തെരഞ്ഞെടുത്തത്?

ഇത് വളരെ പെട്ടെന്നുണ്ടായ ഒരു തീരുമാനമല്ല. മറിച്ച്, കാരുണ്യത്തിന്റെ മഹാജൂബിലി വർഷത്തിന്റെ അവസാനത്തിൽ പാപ്പ മുന്നോട്ടുവച്ച ആശയമാണ്. 2017 ജൂൺ 13-ന് പാവങ്ങൾക്കും പാപികൾക്കും തുണയായ വി. അന്തോണീസ് പുണ്യാളന്റെ തിരുന്നാൾ ദിനത്തിലാണ് ഇക്കാര്യം പാപ്പാ പ്രഖ്യാപിച്ചത്. അതുപ്രകാരം ഈ വർഷം ആരാധനക്രമ ആണ്ടുവട്ടത്തിലെ 33-ാം ഞായർ ഇതിനുവേണ്ടി തെരഞ്ഞെടുത്തിരിക്കുന്നു. അതാണ് നവംബർ 19. ഇതിനുമുമ്പുള്ള ഒരാഴ്ചക്കാലം സഭയുടെ എല്ലാതലങ്ങളിലും പാവപ്പെട്ടവരെ സഹായിക്കുന്ന കൂട്ടായ്മകളും സൗഹൃദങ്ങളും ഉണ്ടാക്കിയെടുക്കണമെന്ന് പാപ്പാ

ഉദ്ബോധിപ്പിക്കുന്നു. ഏതാണ്ട് നമ്മുടെ നാട്ടിലെ സേവനവാരം പോലെ, പാവങ്ങൾക്കായി മാറ്റിവയ്ക്കപ്പെട്ട ഒരു വാരം! തുടർന്നുവരുന്ന ഞായറാഴ്ച, അവർക്കായി പ്രത്യേകം ദിവ്യ ബലി അർപ്പിക്കണമെന്നും പാപ്പാ ഓർമിപ്പിക്കുന്നു. അതുകഴിഞ്ഞുവരുന്ന ഞായറാഴ്ച ആഘോഷിക്കുന്ന ക്രിസ്തുവിന്റെ രാജത്വത്തിരുന്നാൾ അങ്ങനെ കൂടുതൽ അർത്ഥവത്താക്കാൻ നമുക്ക് സാധിക്കുന്നു.

ഇത്തവണ രാജത്വത്തിരുന്നാളിന്റെ ആഘോഷങ്ങൾക്ക് ഈ പാവങ്ങളുടെ ദിനം തീർച്ചയായും മാറ്റുകൂട്ടും. ക്രിസ്തുവിന്റെ രാജത്വം പൂർണമാകുന്നത് കുരിശിലാണല്ലോ. അവിടുന്ന് എല്ലാവരെയും ജീവൻ നൽകി സ്നേഹിച്ചതുപോലെ, സ്നേഹത്തിനു ഒഴികഴിവില്ല എന്ന് പരി. പിതാവ് ഇടയ്ക്കിടെ ഓർമിപ്പിക്കാറുണ്ടല്ലോ? എങ്ങനെയാണ് പരസ്നേഹം പ്രകടമാക്കേണ്ടത് എന്നതിനുള്ള മറുപടിയായിട്ടായിരിക്കണം യോഹന്നാൻ ശ്ലീഹായുടെ 1-ാം ലേഖനം 3-ാം അദ്ധ്യായം 18-ാം വാക്യം ''വാക്കിലും സംസാരത്തിലുമല്ല, പ്രവൃത്തിയിലും സത്യത്തിലുമാണ് നാം സ്നേഹിക്കേണ്ടത്'' എന്ന ഈ തിരുവചനം തന്നെ ഈ ദിനത്തിന്റെ ആപ്തവാക്യമായി തെരഞ്ഞെടുത്തിരിക്കുന്നതും അല്ലേ? പാവങ്ങളെ ഓർക്കണമെന്നും ചേർത്തുപിടിക്കണമെന്നും എല്ലാം മാർപാപ്പാ എപ്പോഴും പറയുന്നുണ്ടല്ലോ? പക്ഷേ സത്യത്തിൽ ആരെയാണ് ഈ 'പാവങ്ങൾ' എന്നതുകൊണ്ട് പാപ്പാ ഉദ്ദേശിക്കുന്നത്?

ബൈബിളിൽ പാവങ്ങൾ എന്നതിന് തത്തുല്യമായ രണ്ടു ഹീബ്രു പദങ്ങളാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഒന്നാമത്തേത്, 'ദൾ' (Dal) എന്നും രണ്ടാമത്തേത് 'അനാവിം' (Anavim) എന്നും. നമ്മുടെ നാട്ടിലെ ദളിത് എന്നുള്ള പദം ഈ 'ദൾ' എന്ന പദത്തിൽ നിന്നാണ് ഉദ്ഭവിക്കുന്നത്. ചിതറിക്കപ്പെട്ടവർ, മാറ്റി നിർത്തപ്പെട്ടവർ എന്നെല്ലാം ഇതിനർത്ഥം വരും. അനാവിം എന്നതിന് എളിയവർ എന്നാണർത്ഥം. 'അനാവിം യാഹ്‌വേ', അതായത് യഹോവയുടെ ആശ്രിതർ എന്നപദം പഴയനിയമത്തിലുടനീളം പ്രത്യേകിച്ച് ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലും സങ്കീർത്തന പുസ്തകങ്ങളിലും കാണാവുന്നതാണ്. പുതിയ നിയമത്തിൽ 'തോക്കോയ്' (Ptochoi) എന്ന പദമാണ് പാവങ്ങളെ സൂചിപ്പിക്കാനായി പലപ്പോഴും ഉപയോഗിക്കുന്നത്. ദൈവത്തിൽ ആശ്രയിച്ച് നീങ്ങുന്നവർ എന്നാണ് ഇതും അർത്ഥമാക്കുന്നത്. അതായത് ബൈബിളിന്റെ കാഴ്ചപ്പാടിൽ പാവങ്ങൾ എന്നാൽ സാമ്പത്തികമായി പിന്നോക്കം ഉള്ളവർ മാത്രമല്ല, മറിച്ച്, സാമൂഹ്യപരമായും രാഷ്ട്രീയപരമായും മതപരമായും മാറ്റി നിറുത്തപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്നവരൊക്കെ ഈ കൂട്ടത്തിൽപ്പെടും. ആ അർത്ഥത്തിൽ അനാഥർ, വിധവകൾ, ഭിന്ന ലിംഗക്കാർ, ചില മാറാരോഗങ്ങൾ ബാധിച്ചവർ എന്നിങ്ങനെ സമൂഹത്തിന്റെ മുഖ്യധാര

യിൽ നിന്ന് മാറ്റി നിറുത്തപ്പെട്ടവരായ എല്ലാവരും ഈ ഗണത്തിൽപ്പെടും. ഇവരോടെല്ലാം ക്രിസ്തുസഹജമായ നിലപാടെടുക്കാനാണ് പാപ്പാ പറയുന്നത്.

തന്റെ ജീവിതകാലം മുഴുവൻ ഈശോ ഈ പറഞ്ഞ ആളുകളോടൊപ്പം തന്നെ ആയിരുന്നുവല്ലോ? കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരോട് സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു.'' (ലൂക്ക 4:18) എന്നാണല്ലോ, തന്റെ ദൗത്യത്തെക്കുറിച്ച് അവിടുന്ന് പറയുന്നത്. വിശക്കുന്നവർക്ക് ഭക്ഷണം കൊടുത്തും രോഗികളെ സുഖപ്പെടുത്തിയും പാപികളെ മാനസാന്തരത്തിലേക്ക് നയിച്ചും അവിടുന്ന് ദൈവരാജ്യം പങ്കുവച്ചു കൊടുത്തു. ആദിമസഭയിലും ഈയൊരു മനോഭാവം നമുക്ക് കാണാൻസാധിക്കും. അവർ തങ്ങൾക്കുള്ളതെല്ലാം പൊതുവായി കരുതിയെന്നും വസ്തുവകകൾ വിറ്റു ആ പണം ശിഷ്യന്മാരുടെ കൈകളിൽ ഏൽപിച്ചു എന്നുമെല്ലാം നാം വായിക്കുന്നുണ്ടല്ലോ(അപ്പ:4:34). വിജാതീയരുടെ അടുക്കലേയ്ക്ക് അയയ്ക്കപ്പെട്ട പൗലോസിനും ബർണബാസിനും പത്രോസ് ശ്ലീഹാ നൽകിയ ഉപദേശം പാവങ്ങളെക്കുറിച്ച് ചിന്തവേണം എന്നായിരുന്നല്ലോ.

ആദികാലങ്ങളിൽ ഇക്കാര്യത്തിൽ സഭ അതീവ ജാഗ്രത പുലർത്തിയിരുന്നു. വിധവകളെ സഹായിക്കാനായി ഡീക്കന്മാരെ നിയോഗിച്ചതുപോലും നമുക്ക് വിസ്മരിക്കാൻ കഴിയില്ല. എങ്കിലും മദ്ധ്യകാലഘട്ടത്തിലേയ്ക്ക് വരുമ്പോൾ ദാരിദ്ര്യത്തിൽ നിന്നും ദരിദ്രരിൽ നിന്നും അകന്ന് സമ്പന്നതയുടേയും ആർഭാടത്തിന്റേയും വിശാല വഴിയിലൂടെ സഞ്ചരിച്ച ഒരു ഭൂതകാലവും നമുക്കുണ്ട് എന്ന് മറക്കാനാകില്ല. എങ്കിലും, ഈ കാലഘട്ടത്തിലും വി. ഫ്രാൻസീസ് അസീസ്സിയെപോലെയും വി. ഡൊമനിക്കിനെ പോലെയും ഉള്ള പുണ്യ ജീവിതങ്ങൾ ദാരിദ്ര്യത്തിന്റെ ആത്മീയതയെ പുണർന്നുകൊണ്ട് സഭയ്ക്ക് വഴികാട്ടിയായി മാറി എന്നുവേണം കരുതാൻ.

അപ്പോൾ പാവങ്ങളിൽ നിന്നും അകന്നുപോയ സഭയെ വീണ്ടും അതിന്റെ ദൗത്യം ഓർമപ്പെടുത്തലാണോ മാർപാപ്പയുടെ ഉദ്ദേശം?

അങ്ങനെ പറയാൻ പറ്റില്ല. കാരണം, സഭ എന്നും ദരിദ്രരോടൊപ്പം നിൽക്കാനാണ് ശ്രമിച്ചിട്ടുള്ളത്. മാത്രമല്ല, ദാരിദ്ര്യമെന്നത് സഭയുടെ എന്നപോലെ ഒരു സമൂഹത്തിന്റേയും മുഖ്യവിപത്താണ്. അതിനെ നിർമ്മാർജനം ചെയ്യേണ്ടതിന്റെ ആവശ്യകത കാലാകാലങ്ങളിലെ രാഷ്ട്രതലവന്മാരേയും സാമൂഹ്യനേതാക്കന്മാരേയും സഭ ഓർമിപ്പിച്ചുകൊണ്ടിരിക്കുന്നു. ലിയോ 13-ാം മാർപാപ്പായുടെ 'റേരും നൊവാരും' എന്ന ചാക്രിക ലേഖനം പാവപ്പെട്ടവന് സാമൂഹ്യപരമായ നീതി ഉറപ്പാക്കണമെന്നും സമ്പത്തിന്റെ തുല്യമായ വിതരണം നടപ്പിലാക്കണമെന്നും ആവർത്തിച്ചു ആവശ്യപ്പെടുന്നുണ്ട്. ജോൺ 23-ാം പാപ്പയുടെ

'മാത്തർ എത്ത് മജിസ്ട്ര'യിൽ സാമൂഹ്യ പുനർനിർമിതിക്കുള്ള സഭയുടെ പങ്കും സവിശേഷമാം വിധം ഓർമിപ്പിക്കുന്നുണ്ട്. ആധുനിക സഭയിലേയ്ക്ക് മാറ്റത്തിന്റെ പുതിയ വെളിച്ചം വീശിയ രണ്ടാം വത്തിക്കാൻ കൗൺസിലാകട്ടെ, ദുർബലരും അവശരും അവഗണിക്കപ്പെട്ടവരുമായ ജനതതിയോടുള്ള സഭയുടെ സാഹോദര്യമനോഭാവം തുറന്നുകാട്ടുന്നുണ്ട്. ബനഡിക്ട് പതിനാറാമൻ മാർപാപ്പായാകട്ടെ അദ്ദേഹത്തിന്റെ 'കാരിത്താസ് ഇൻ വേരിത്താത്തെ' എന്ന ചാക്രിക ലേഖനത്തിൽ ദാരിദ്ര്യനിർമാർജനത്തിനായുള്ള സഭയുടെ ഉത്തരവാദിത്വത്തെ എടുത്തു പറയുന്നുണ്ട്. ഇതിന്റെയെല്ലാം തുടർച്ച എന്നവണ്ണമായി ഫ്രാൻസിസ് മാർപാപ്പായുടെ ഈ പ്രഖ്യാപനത്തേയും നമുക്ക് കാണാനാവും. കാരണം, അദ്ദേഹത്തിന്റെ തന്നെ 'ഇവാഞ്ചേലിയും ഗൗദിയും' (സുവിശേഷത്തിന്റെ സന്തോഷം) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അന്തരം കുറയ്ക്കാനും പാപ്പാ പലവുരു ആവശ്യപ്പെടുന്നുണ്ട്. അതുകൊണ്ട് തന്നെ തന്റെ മുൻഗാമികളിൽ നിന്ന് കുറച്ചുകൂടി കൂടുതലായി ഈ വിഷയത്തിൽ പാപ്പയ്ക്ക് താൽപര്യമുണ്ട് എന്നുവേണം നാം മനസിലാക്കാൻ.

അദ്ദേഹത്തിന്റെ ജീവിതരീതി തന്നെ അതുനമുക്ക് വെളിപ്പെടുത്തി തരുന്നുണ്ട്. ഒരിക്കൽ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിലെ ജനാവലിയെ നോക്കി അദ്ദേഹം ചോദിച്ച് ചോദ്യം ഇപ്പോഴും നമ്മുടെ മനസിലുണ്ട്. പാപ്പയുടെ ആദ്യചോദ്യം ഇതായിരുന്നു: 'നിങ്ങൾ ഭിക്ഷക്കാരെ കണ്ടിട്ടുണ്ടോ?' 'ഉവ്വ്' ജനക്കൂട്ടം ഒന്നടങ്കം മറുപടി പറഞ്ഞു. 'അവർക്ക് ഭിക്ഷ കൊടുത്തിട്ടുണ്ടോ?' പാപ്പാ വീണ്ടും ചോദിച്ചു. 'ഉവ്വ്', കൂടുതൽ ഉച്ചത്തിൽ ജനക്കൂട്ടം വീണ്ടും വിളിച്ചു പറഞ്ഞു. അപ്പോഴാണ് പാപ്പാ തന്റെ അടുത്ത ചോദ്യം മുന്നോട്ടു വച്ചത്. 'നിങ്ങൾ എപ്പോഴെങ്കിലും ഭിക്ഷ സ്വീകരിക്കുന്ന ആളുകളുടെ കണ്ണുകളിൽ നോക്കിയിട്ടുണ്ടോ?' ജനക്കൂട്ടം നിശബ്ദരായി. 'അവരുടെ കരങ്ങളിൽ സ്പർശിച്ചിട്ടുണ്ടോ?' പാപ്പാ വീണ്ടും ചോദിച്ചു. മൗനം മാത്രം മറുപടിയായപ്പോൾ പാപ്പാ തുടർന്നു, 'നിങ്ങൾ നോക്കാതെ വിട്ടത് ക്രിസ്തുവിന്റ കണ്ണുകളായിരുന്നു. സ്പർശിക്കാതെവിട്ടത് അവന്റെ കരങ്ങളായിരുന്നു'.

മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിലേയ്ക്കാണ് ഇത് വിരൽചൂണ്ടുന്നത്. എന്റെ എളിയ സഹോദരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ഇത് ചെയ്തു തന്നത്. എന്ന് അവിടുന്ന് പറയുന്നുണ്ടല്ലോ. അതുകൊണ്ട് തന്നെ ഈയൊരു സേവന മനോഭാവം സഭയുടെ അടിസ്ഥാന സ്വഭാവമാണ്. Charity is our

identity. ഇതു നല്ലവണ്ണം മനസിലാക്കിയവരാകണം കൽക്കത്തയിലെ വി. മദർ തെരേസയും ഈയിടെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്ക് ഉയർത്തപ്പെട്ട സി. റാണി മരിയുമെല്ലാം എന്നതിൽ സംശയമില്ല. 'മാനവസേവ മാധവസേവ' എന്നാണല്ലോ നമ്മുടെ സംസ്ക്കാരം പോലും നമ്മെ പഠിപ്പിക്കുന്നത്. ഒ.എൻ.വി.യുടെ കവിത പോലെ

ഇന്നലെ വീട്ടുപടിക്കലിത്തിരി കഞ്ഞിചോദിച്ചവൻ
നഗ്നനായി വന്ന് ഉടുമുണ്ട് ചോദിച്ചവൻ
അന്നു ഞാൻ ആട്ടിയോടിച്ചേൻ
ഇന്നൊരനാഥ ജഢമായി വഴിയമ്പലത്തിണ്ണയിൽ വീണുകിടക്കുമ്പോൾ
ഒന്നറിഞ്ഞേൻ ഞാൻ
എന്റെ ദൈവം മരിച്ചുപോയി.!!!

ഈയൊരു തിരിച്ചറിവിലേയ്ക്ക് വളരാനായി കഴിയണം നമുക്ക്.

ഈ പാവങ്ങളോടുള്ള സമീപനത്തെക്കുറിച്ച് വർഷങ്ങളായി നാം പറയുകയും കേൾക്കുകയും ചെയ്യുന്നതാണല്ലോ. പിന്നെ എന്താണ് ഇതിലൊരു പുതുമ എന്ന് ചിന്തിക്കുമ്പോൾ തീർച്ചയായും മനോഭാവത്തിലും ഇടപെടലുകളിലും ഒരു പുതുമ പാപ്പാ മുന്നോട്ടു വയ്ക്കുന്നുണ്ട്. അതായത്, ഇതുവരെ നാം പിൻതുടർന്ന പാവങ്ങളോടുള്ള നിലപാടായ സഹതാപം (Sympathy) അതല്ല, മറിച്ച്, Empathy, അതായത് സഹാനുഭൂതിയാണ് പാപ്പാ ഇവിടെ ആവശ്യപ്പെടുന്നത്. ഈ രണ്ടുവാക്കുകളും തമ്മിലുള്ള അർത്ഥം ശരിക്കും നാമൊന്നു മനസിലാക്കേണ്ടതാണ്. നമ്മുടെ ആർഭാടത്തിൽനിന്നും മിച്ചം വന്നത് വച്ചുനീട്ടുന്ന, അതു സ്വീകരിക്കുന്നവന്റെ ആത്മാഭിമാനത്തെ ഭൂമിയോളം താഴ്ത്തുന്ന ഒന്നാണ് സഹതാപം അഥവാ sympathy. ഇതല്ല ഇന്നിന്റെ ആവശ്യം മറിച്ച്, അപരന്റെ കണ്ണിലൂടെ കാര്യങ്ങൾ കാണാൻ കഴിയുന്ന Empathy അഥവാ സഹാനുഭൂതിയാണ്. പാവങ്ങളോടുള്ള അതായത്, നാം ആദ്യം സൂചിപ്പിച്ചതുപോലെ ദരിദ്രരോട് വിധവകളോട് വാർദ്ധക്യത്തിലും രോഗാവസ്ഥയിലും കഴിയുന്നവരോട് ലൈംഗീക ന്യൂനപക്ഷങ്ങളോട് എന്തിന് ഏറെ പറയുന്ന നമ്മുട നാട്ടിലെ അന്യസംസ്ഥാന തൊഴിലാളികളോടു പോലുമുള്ള നമ്മുടെ ഇടപെടലുകളിലെ വ്യതിയാനമാണ് ഈ ആഗോള പാവങ്ങളുടെ ദിനം ലക്ഷ്യം വയ്ക്കുന്നത്. പല കാരണങ്ങളാൽ ചിതറപോയവരെ തോളോട് തോൾ ചേർത്തുനിർത്താനും പുണരാനും ക്രിസ്തുവിനുണ്ടായിരുന്ന മനോഭാവം നമ്മളും സ്വന്തമാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതിനുള്ള ഒരു എളിയ തുടക്കം മാത്രമാണ് ഈ ദിനം.